# വിഷയവിവരം

**1. നൈഷ്കർമ്യം കർമത്തിൽനിന്ന് ഒഴിഞ്ഞുമാറലല്ല** 1

പ്രകൃതിസംവിധാനത്തിൽ പ്രവൃത്തി അനിവാര്യം

യജ്ഞം മനസ്സിന്റെ ഭാവസമ്പന്നത

**2. യജ്ഞം വ്യക്തീയവും സാർവജനീനവുമായ ദർശനം** 15

സൃഷ്ടിചക്രത്തെ അനുസരിച്ചേ തീരൂ

ആത്മജ്ഞാനിയിലെ അതീതാവസ്ഥ

**3. കർമയോഗവും ലോകസംഗ്രഹവും** 29

**4. അസക്തി ജ്ഞാനത്താലോ സമർപ്പണഭാവത്താലോ** 37

**5. പ്രകൃതിയുടെ പിടിപ്പിൽ മനുഷ്യനുള്ള പങ്ക്** 43

അശുഭവാസനകൾക്കുള്ള കാരണവും തിരുത്തും

ആത്മബലത്താൽ കാമവിക്രിയകളെ ജയിയ്ക്കാം

**6. ബ്രഹ്മവിദ്യയുടെ ഉദ്ഭവം താഴ്ച പുനഃസ്ഥാപനം** 63

**7. കൃഷ്ണവ്യക്തിത്വത്തിലെ മികവും പരിമാണവും** 73

**8. സമാജം തകരുമ്പോഴത്തെ ദിവ്യപ്രകടനം** 79

കൃഷ്ണത്വം ഭക്തിജീവിതത്തിന്റെ ലക്ഷ്യം

വർണം പ്രകൃതിജം ജാതി മനുഷ്യകൃതം

**9. ചാതുർവർണ്യം ജാതിചിന്തകളെ നിരസിയ്ക്കുന്നു** 101

വർണത്തിനെതിരെ ജാതി

**10. അകർമദർശനം പ്രവർത്തനനിരതത്വത്തിന്** 109

പ്രവൃത്തികളെല്ലാം ലോകമംഗളത്തിനാകട്ടെ

**11. ജ്ഞാനയജ്ഞത്തിന്റെ പാരമ്യത** 129

ജ്ഞാനസമ്പാദനത്തിൽ ഗുരു അവസാനവാക്ക്

പ്രബദ്ധഗുരു ജിജ്ഞാസുവിന്റെ അന്തിമാശ്രയം

**12. ജ്ഞാനം പരമമായി ശുദ്ധീകരിയ്ക്കുന്നത്** 145

**13. സംന്യാസവും കർമയോഗവും തികഞ്ഞ സംയുക്തത** 153

അർജുനന്റെ ചോദ്യവും അതിന്റെ പ്രസക്തിയും
കർമയോഗവും സംന്യാസവും
സംന്യാസം ആന്തരസിദ്ധി
യോഗത്തിലൂടെ അധ്യാത്മക്ഷമത
തത്ത്വജ്ഞാനിയിൽ ശോഭിയ്ക്കുന്ന അകർതൃത്വം

**14. മനുഷ്യജീവിതം ദൈവനിശ്ചിതമോ** 177

സന്ദേശത്തിലെ ലൗകികവശങ്ങൾ

**15. ദ്വന്ദ്വഗണനകൾക്കപ്പുറമുള്ള സ്വാതന്ത്ര്യദീപ്തി** 191

മനുഷ്യചെയത്കളും വിധിയും
മതപരമായ ഇടുക്കങ്ങൾ വിട്ടുയരുക

**16. സമത്വം മതാതീതമായ സാർവജനീനസന്ദേശം** 207

തത്ത്വജ്ഞാനിയിലെ തുല്യദർശനം
യോഗിയിലെ മികവുറ്റ ഉൾധന്യത

**17. കാമക്രോധശമനം ആധ്യാത്മികതയുടെ കാതലും കഴമ്പും** 217

ഇന്ദ്രിയനിയമനം അനിവാര്യം
ശരിയായ സ്വതന്ത്രത ബ്രഹ്മനിർവാണത്തിൽ

**അനുക്രമണിക** 224

# 1 നൈഷ്കർമ്യം കർമത്തിൽനിന്ന് ഒഴിഞ്ഞുമാറലല്ല

രണ്ടാമധ്യായത്തിൽ വിവരിച്ചതു സാംഖ്യയോഗമാണ്. അതു പ്രതിപാദിയ്ക്കാനും കേട്ടുഗ്രഹിയ്ക്കാനും നല്ല ശ്രദ്ധയും ബുദ്ധിയും വേണം. മനസ്സിനെ ഉദാത്തവും, മനോവൃത്തികളെ ധന്യവുമാക്കാൻവേണ്ടി ബുദ്ധിയെ വിനിയോഗിയ്ക്കുന്നതും ആവശ്യമാണ്.

സാംഖ്യമെന്നുവെച്ചാൽ നല്ലവണ്ണം ആവർത്തിച്ചു മനനംചെയ്തു പഠിയ്ക്കേണ്ടത്, **സമ്യക് ഖ്യായതേ** എന്നുതന്നെ. മനസ്സിനെ കാമക്രോധങ്ങളിൽനിന്നും മുക്തമാക്കാൻ നിരന്തരം മനനംചെയ്യേണ്ടതാണ് സാംഖ്യസിദ്ധാന്തം. പവിത്രതയെന്നാൽ കാമക്രോധങ്ങൾക്കു വശപ്പെടാതിരിയ്ക്കൽ. ഉള്ളിലെ അശുദ്ധി നീക്കി, ജ്ഞാനസമ്പന്നത ചൊരിയുക സാംഖ്യത്തിന്റെ അനന്യസംഭാവനയത്രെ.

സാംഖ്യജ്ഞാനം ആത്മാവെന്ന കേന്ദ്രസങ്കല്പത്തെ ചുറ്റിയുള്ളതാണ്. അതേ, നശ്വരദേഹത്തിലെ അനശ്വരസത്തയെ, അതായതു ദേഹത്തെത്തന്നെ നിർമിച്ച് അതിൽ പ്രകടമാകുന്ന സാന്നിധ്യത്തെ, പ്രകാശിപ്പിയ്ക്കുന്നത്. ഇതേ ആത്മസത്തയാണ് അനന്തമായ പ്രപഞ്ചവിസ്തൃതിയെ രചിച്ചിട്ടുള്ളതും.

നശ്വരതാപ്രതിഭാസംതന്നെ, ആത്മാവിന്റെ ശക്തിപാരമ്യതയുടെ പ്രസ്ഫുരണമാണ്. സാംഖ്യം അഭ്യസിയ്ക്കുന്ന മനസ്സിനു ശുദ്ധതയാർന്നു സുസ്ഥിരമാകാതെവയ്യ. ബുദ്ധിയും അതിനൊത്തു നിശ്ചയദൃഢമാകും. അനന്തരം തെളിഞ്ഞുവരുന്ന ഗാഢദർശനം, നിർബാധിതത്വം, സ്വയം മികവ്, സാഫല്യദീപ്തി, എല്ലാംതന്നെ മാതൃകാപരമാണ്!

സാംഖ്യസിദ്ധാന്തമനനം സാധകന്റെ മനസ്സിലെ ദ്വന്ദ്വഭാവനകളെ ഉന്മൂലനംചെയ്യുന്നു; ജനനമരണങ്ങൾ ഇല്ലാതാക്കി ഒരുവനെ സുഖദുഃഖഗ്രഹണത്തിൽനിന്നും സ്വതന്ത്രനാക്കുന്നു. ലോകജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും ദുരിതങ്ങൾക്കും തികഞ്ഞ പരിഹാരമാണ് ആത്മതത്ത്വമനനം.

**സാംഖ്യം പരിശീലിയ്ക്കുന്ന സാധകൻ താമസിയാതെ സ്ഥിതപ്രജ്ഞനാകും, തുടർന്നു സ്ഥിതധീയും. ലോകസമ്പർക്കങ്ങളിൽ സ്ഥിതധീ വേവലാതിപ്പെടില്ല. സാംഖ്യദർശനത്തിൽ തെളിഞ്ഞുവരുന്ന ഉള്ളാഴത്താൽ എന്തു വെല്ലുവിളിയും നേരിടാനുള്ള സന്നദ്ധതയും സാമർഥ്യവും സ്ഥിതധീയിൽ ഏറെയാണ്.**

സാധാരണ മനസ്സിലെ ഇടുക്കങ്ങളെല്ലാം സ്ഥിതധീയിൽ അസ്തമി

യ്ക്കുന്നു. അനന്തരം ഉദിയ്ക്കുന്ന വിശാലതയും ഉദാത്തതയും ഉത്തുംഗ തയും തന്നെ തികച്ചും വ്യത്യസ്തനാക്കുന്നു; സ്വതന്ത്രനും സന്തുഷ്ടനും ബുദ്ധിമാനുമായ പ്രതിഭയായി വാർത്തെടുക്കുന്നു. പ്രവൃത്തികൊണ്ട് ക്ഷീ ണമോ പീഡയോ തോന്നുന്നതിനുപകരം, തന്നെ നേരിടുന്നതെന്തുംവഴി കൂടുതൽ ധന്യനും വിജ്ഞനുമാകയാണ് സ്ഥിതധീ. **ആത്മാവിന്റെ പൂരക പ്രകടനമാണ് ലോകം.** ലോകവുമായ സമ്പർക്കവ്യവഹാരങ്ങൾ തത്ത്വ ജ്ഞന്നുള്ള വിശേഷാലങ്കാരമാണ്!

കൃഷ്ണന്റെ ഇതുവരെയുള്ള പ്രതിപാദനം **ഏഷാ ബ്രാഹ്മീ സ്ഥിതിഃ പാർഥ** എന്നിങ്ങനെയാണ് സമാപിച്ചത്. ഉള്ളിൽ ഒതുങ്ങിയലിഞ്ഞിരി യ്ക്കുന്ന ആത്മസ്ഥിതിയല്ല, വികസിതമായ ബ്രഹ്മസ്ഥിതിയാണിതെ ന്നാണ് കൃഷ്ണൻ പറഞ്ഞുനിർത്തിയത്. സാധാരണനിലയ്ക്കു സംവാദം ഇവിടെ അവസാനിയ്ക്കയും, കൃഷ്ണന്റെ നിർദേശാനുസാരം അർജുനൻ യുദ്ധമാരംഭിയ്ക്കയുമാണ് വേണ്ടത്; എന്നാൽ അർജുനന്റെ മനസ്സ് ആശയ ത്തെളിച്ചത്തിനുവേണ്ടി വെമ്പൽകൊള്ളുകയാണ്. അർജുനന്റെ ഈ സം ശയമാണ് സംവാദം നീളാൻ കാരണമായത്. അങ്ങനെ നാം മൂന്നാം അ ധ്യായത്തിലേയ്ക്കു പ്രവേശിയ്ക്കുന്നു.

**ജ്യായസീ ചേത്കർമണസ്തേ**
**മതാ ബുദ്ധിർജനാർദന**
**തത്കിം കർമണി ഘോരേ മാം**
**നിയോജയസി കേശവ**

**വ്യാമിശ്രേണേവ വാക്യേന**
**ബുദ്ധിം മോഹയസീവ മേ**
**തദേകം വദ നിശ്ചിത്യ**
**യേന ശ്രേയോऽഹമാപ്നുയാം** (3.1,2)

സാംഖ്യബുദ്ധിയെ കർമയോഗത്തേക്കാൾ ശ്രേഷ്ഠമായി താങ്കൾ പരിഗ ണിയ്ക്കുന്നുവെങ്കിൽ, എന്തിനാണ് എന്നെ ഇങ്ങനെ അതിദാരുണമായ യുദ്ധംചെയ്യാൻ പ്രേരിപ്പിയ്ക്കുന്നത്? വിരുദ്ധമാണെന്നു തോന്നിയ്ക്കുന്ന പ്രസ്താവനകൾ എന്റെ മനസ്സിനെ മോഹിപ്പിയ്ക്കുന്നപോലെയുണ്ട്. അതി നാൽ ശ്രേയസ്സുകൈവരിയ്ക്കാനായി ഞാൻ എന്തുചെയ്യണമെന്നു കണി ശമായി പറഞ്ഞുതരൂ.

ആത്മാവിനു മരണമില്ല. അതിനെ ഹനിയ്ക്കുക ഒരിയ്ക്കലും സാധ്യ മല്ല. ആത്മാ സദാ നിലനില്ക്കുന്നതാണ്, എങ്ങും വിരാജമാനമാണ്, ജ ന്മവും മരണവുമില്ലാതെ, മാറ്റമില്ലാതെ എന്നു കൃഷ്ണൻ തെളിച്ചു കാണി ച്ചുകഴിഞ്ഞു. അപ്പോൾ ഒരുവന്റെ മരണത്തെച്ചൊല്ലി വേവലാതിപ്പെടുന്ന ചോദ്യം എങ്ങനെ ഉദിയ്ക്കുന്നു? ഈ പരമജ്ഞാനം കവചംപോലെ ധരിച്ച്, മുമ്പേതന്നെ നിശ്ചയിച്ചിരുന്ന മാതിരി അർജുനനു യുദ്ധം ചെയ്കയേ വേണ്ടൂ.